പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3671 — 24.06.2014-ൽ മറുപടിയ്ക്ക്

# കേബിൾ ടി. വി. സംരംഭകരിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേബിൾ ടി. വി. സംരംഭകർക്ക് കേബിളുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി പോസ്റ്റുകൾ അനുവദിച്ചുതുടങ്ങിയത് എന്നു മുതലാണ് ; എത്ര രൂപയാണ് ഒരു പോസ്റ്റിന് വാടക ഈടാക്കിയിരുന്നത് ; ഈ ആനുകൂല്യം ഏതൊക്കെ കേബിൾ ടി. വി. സംരംഭകർക്കാണ് ലഭിച്ചിരുന്നത് ; | (എ) 1992 മുതലാണ് കേബിൾ ടി. വി. സംരംഭകർക്ക് വൈദ്യുതി പോസ്റ്റുകൾ അനുവദിച്ച് തുടങ്ങിയത്. കേബിൾ ടി.വി സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി തുടക്കത്തിൽ നാമമാത്രമായ ഒരു രൂപയാണ് പ്രതിവർഷ വാടകയായി നിശ്ചയിച്ചിരുന്നത്. എല്ലാ കേബിൾ ടി.വി സംരംഭകർക്കും ഈ ആനുകൂല്യം ലഭിച്ചിരുന്നു. |
| (ബി) ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് നിരക്ക് എത്രയായിരുന്നു ; കെ. എസ്. ഇ. ബി പോസ്റ്റുകൾ കേബിൾ ടി. വി. ആവശ്യത്തിന് അനുവദിക്കുന്നതിന് കേരള ഹൈക്കോടതി മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ എന്നാണ് ; ഇതു സംബന്ധിച്ച് തയ്യാറാക്കിയ ഗൈഡ് ലൈൻ പ്രകാരം നിരക്ക് എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) ചെറുകിട വൻകിട വ്യത്യാസം ഇല്ലാതെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 27.01.1998 ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിപ്രകാരം പോസ്റ്റുകൾ അനുവദിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 14.12.1999 – ലെ ബോർഡ് ഉത്തരവ് പ്രകാരം പോസ്റ്റുകളുടെ പ്രതിവർഷ വാടക 17/- രൂപയായി നിശ്ചയിച്ചിരുന്നു. |
| (സി) ഇതിനുശേഷം എത്ര തവണ കെ. എസ്. ഇ. ബി പോസ്റ്റ് വാടകയും അനുബന്ധ ഫീസുകളും വർദ്ധിപ്പിച്ചു ; ഏതൊക്കെ വർഷങ്ങളിൽ ; വ്യക്തമാക്കുമോ ; | (സി) ഇതിനുശേഷം 16.10.2002 ലും 25.02.2012 ലും നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിവിധ വിഭാഗങ്ങളിലായി ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്രവീതമെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കാലയളവുകളിൽ ഏതെങ്കിലും കേബിൾ ടി.വി. കമ്പനികൾക്ക് പ്രസ്തുത നിരക്കിലല്ലാതെ പോസ്റ്റുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ഡി) | 16.10.2002 — ലെ ഉത്തരവു പ്രകാരം നഗര പ്രദേശങ്ങളിലെ പ്രതിവർഷ നിരക്ക് 108/- രൂപയും ഗ്രാമ പ്രദേശങ്ങളിലേത് 54/- രൂപയുമായിരുന്നു. ഈ നിരക്കിന് 12.5% വാർഷിക വർദ്ധനവും ഏർപ്പെടുത്തിയിരുന്നു. 01-04-2011 മുതൽ പുതിയതായി കരാറിലേർപ്പെടുന്നവർക്കും നിലവിലുള്ള കരാർ പുതുക്കുന്നവർക്കും നഗരപരിധിയിൽ/പ്രാന്ത പ്രദേശങ്ങളിൽ പോസ്റ്റൊന്നിന് ഒരു വർഷത്തേയ്ക്ക് 311/- രൂപയും ഗ്രാമപ്രദേശങ്ങളിൽ അതിന്റെ പകുതിയുമാണ് വാടകയായി 25-02-2012-ലെ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. വാടക നിരക്കിൽ പ്രതിവർഷം 5% വർദ്ധനവും നിശ്ചയിച്ചിട്ടുള്ളതും ഇതോടൊപ്പം സർവീസ് ചാർജ് ഈടാക്കുന്നതുമാണ്. പ്രസ്തുത നിരക്കിലല്ലാതെ പോസ്റ്റുകൾ വാടകയ്ക്ക് നൽകിയിരുന്ന കമ്പനികൾക്ക് ആ ആനുകൂല്യം നിർത്തലാക്കി ഉത്തരവിറക്കിയിട്ടുണ്ട്. |
| (ഇ) | കെ. എസ്. ഇ. ബി പോസ്റ്റുകളുടെ വാടകയിൽ വരുത്തിയിട്ടുള്ള വൻവർദ്ധനവ് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നുണ്ടായ നിർദ്ദേശം എന്തായിരുന്നു ; ഈ നിർദ്ദേശം നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണെന്നറിയിക്കുമോ ; | (ഇ) | നിരക്ക വർദ്ധന സംബന്ധിച്ച് പരാതികൾ പരിശോധിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതും അത് ബോർഡിന്റെ പരിഗണനയിലുമാണ്. |
| (എഫ്) | കേബിൾ ടി. വി. ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിനു സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും അവ നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (എഫ്) | പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് ഊർജ്ജ വകുപ്പ് മന്ത്രി, അസ്സോസിയേഷൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുള്ളതും അത് ഗവൺമെന്റ്/ബോർഡിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ.